# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## 2007 -ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി തയ്യാറാക്കിയ ചോദ്യാവലി

കടലിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ഏറിയ പങ്കും ഇന്ന് വലിയ കട ബാദ്ധ്യതയിലകപ്പെട്ടിരിക്കുകയാണ്. കടബാദ്ധ്യതമൂലം ദുരിതത്തിലാണ്ട മത്സ്യത്തൊ ഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ ദുരി തങ്ങൾ പരിഹരിക്കുന്നതിനുമായി മദ്ധ്യസ്ഥതയ്ക്കും അനുരഞ്ജനത്തിനും ന്യായ നിർണ്ണയത്തിനും കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവുമായ സംഗതികൾക്കും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനായി 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ, **13-9-2007** -ന് കേരള നിയമസഭയിൽ അവതരിപ്പിക്കു കയും സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. പ്രസ്തുത ബില്ലിന്റെ ഉദ്ദേശ്യശുദ്ധി പൂർണ്ണതയിലെത്തിക്കാനും പ്രവർത്തന ക്ഷമമാക്കുവാനും മത്സ്യത്തൊഴിലാളികളുടേയും മത്സ്യബന്ധന മേഖലയിലെ സംഘടനകളുടേയും പ്രവർത്തകരുടേയും വിദഗ്ധരുടേയും കൂടി അഭിപ്രായങ്ങൾ അറിയുവാൻ സമിതി ആഗ്രഹിക്കുന്നു. അതിലേക്കായി തയ്യാറാക്കിയിട്ടുള്ള ഒരു ചോദ്യാവലിയാണിത്. വസ്തു നിഷ്ഠമായ ഉത്തരങ്ങൾ പ്രതീക്ഷിക്കുന്നു.

| ക്രമ നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| 1 | പേര്<br>മേൽവിലാസം<br>തൊഴിൽ | |
| 2 | കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിൽ 2-ാം വകുപ്പിൽ (IV) (V) (IX) (X) (XI) (XIV) എന്നീ ഉപവ കുപ്പുകളിൽ നിർവ്വചിച്ചിട്ടുള്ള ഉത്തമർണ്ണൻ, കടം, മത്സ്യം, മത്സ്യബന്ധനം, മത്സ്യത്തൊഴിലാളി, ഉത്തമർണ്ണ സ്ഥാപനം എന്നീ വകുപ്പുകളുടെ നിർവ്വചനങ്ങളിൽ ഏതെ ങ്കിലും മാറ്റങ്ങൾ വേണമെന്നു കരുതുന്നുണ്ടോ ? എന്തെ ങ്കിലും കൂട്ടിച്ചേർക്കലുകളോ വ്യക്തതയോ ആവശ്യമുള്ള തായി തോന്നുന്നുണ്ടോ? | |
| 3 | കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിൽ 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള രീതികളിലല്ലാതെയുള്ള കടബാദ്ധ്യതകൾ, മത്സ്യത്തൊഴിലാളികൾക്കിടയിൽ നില വിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ കമ്മീഷന്റെ അധി കാര വിനിയോഗം ഏതു രീതിയിലാകണം ? | |

| ക്രമ നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| 4 | കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിൽ 5-ാം വകുപ്പിൽ പരാമർശിച്ചിട്ടില്ലാത്ത തരത്തിലോ വിധത്തിലോ ഉള്ള സാമ്പത്തികമോ തൊഴിൽ പരമോ അല്ലാത്തതോ ആയ എന്തെങ്കിലും ബാദ്ധ്യതകൾ കടബാദ്ധ്യതയായി കണക്കാക്കേണ്ടതുണ്ടോ; എങ്കിൽ കമ്മീഷന് അവയെ ഏതു വിധത്തിൽ സമീപിക്കാനാകും ? | |
| 5 | കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിൽ 5-ാം വകുപ്പിൽ 3-ാം ഉപവകുപ്പിൽ നിശ്ചയിച്ചിട്ടുള്ള കടാശ്വാസ സംഖ്യയുടെ കാര്യത്തിൽ മറ്റെന്തെങ്കിലും മാനദണ്ഡങ്ങൾ നിർദ്ദേശിക്കാനുണ്ടോ ? | |
| 6 | കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിൽ 5-ാം വകുപ്പിൽ 6-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളതിൻ പ്രകാരം സിവിൽ നടപടി നിയമസംഹിതയിൽ കീഴിൽ ഒരു സിവിൽ കോടതിക്കുള്ള അധികാരങ്ങൾ കമ്മീഷന് നൽകിയിട്ടുള്ളത് കൊണ്ട് മത്സ്യത്തൊഴിലാളികളുടെ എല്ലാ കടബാദ്ധ്യതകളും വ്യവഹാര പരിധിയിൽ കൊണ്ടുവരുവാനാകുമോ ?<br><br>ഉദാ:- രേഖാമൂലമല്ലാത്ത വായ്പ, തൊഴിൽക്കരാർ വായ്പ, ഗുണ്ടിക വായ്പ, ദിവസപ്പലിശ വായ്പ മുതലായവ | |
| 7 | കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിൽ 6-ാം വകുപ്പിൽ പറയുന്ന പ്രകാരം ദുരന്ത ബാധിത പ്രദേശം ആയി പ്രഖ്യാപിക്കുവാൻ കണക്കിലെടുക്കേണ്ട മറ്റു മാനദണ്ഡങ്ങൾ വല്ലതും നിർദ്ദേശിക്കുവാനുണ്ടോ ? | |
| 8 | വകുപ്പ് 8(2) -ൽ, പരാമർശിക്കും പ്രകാരം കമ്മീഷന്റെ സിറ്റിംഗുകളിൽ നിരീക്ഷകരായി നിശ്ചയിച്ചിരിക്കുന്നവരിൽ എന്തെങ്കിലും മാറ്റമോ കൂട്ടിച്ചേർക്കലോ ആവശ്യമുണ്ടോ ? | |
| 9 | സർക്കാരിൽ നിന്നോ, വാണിജ്യ ബാങ്കുകളിൽ നിന്നോ, ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നോ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ അല്ലാതെ മത്സ്യത്തൊഴിലാളികൾ വാങ്ങുന്ന കടം അല്ലെങ്കിൽ കടപ്പെട്ടിരിക്കുന്ന തൊഴിലവസ്ഥ ഒഴിവാക്കുവാൻ കമ്മീഷന് എന്തു ചെയ്യുവാൻ കഴിയും ? | |
| 10 | കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിൽ 19-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതിൻ പ്രകാരം കമ്മീഷൻ പാസ്സാക്കിയ ഒരു അവാർഡ് അന്തിമവും യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ സർക്കാരിലോ മേൽ കോടതിയിലോ ഒരു അപ്പലേറ്റ് അധികാരം കൂടി വ്യവസ്ഥ ചെയ്യേണ്ടതുണ്ടോ ? | |

| ക്രമ നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| 11 | ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് മറ്റു സർക്കാർ ഏജൻസികൾ എന്നിവ വഴി നൽകിയിട്ടുള്ള വായ്പകൾ ക്രമീകരിക്കുമ്പോൾ സഹകരണ ബാങ്കുകൾ, വാണിജ്യ ബാങ്കുകൾ മറ്റു ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ കൂടി ക്രമീകരിക്കേണ്ട തുണ്ടോ ? | |
| 12 | മത്സ്യത്തൊഴിലാളികൾ, മത്സ്യബന്ധനാവശ്യത്തിനല്ലാതെ എടുത്തിട്ടുള്ള വായ്പകൾ ക്രമീകരിക്കുന്നതിൽ (ഉദാ :- വീട് വയ്ക്കുക, സ്ഥലം വാങ്ങുക, വിവാഹാവശ്യങ്ങൾ, ആശുപത്രിച്ചെലവുകൾ, തൊഴിൽ ചെലവുകൾ, വീട്ടാവ ശ്യങ്ങൾ, ഗൃഹോപകരണങ്ങൾ........ തുടങ്ങിയവ) കമ്മീ ഷന്റെ സമീപനം എന്തായിരിക്കണം ?<br><br>വിദ്യാഭ്യാസ വായ്പകൾ ഈ കമ്മീഷന്റെ പരിഗണന യിൽ വരേണ്ടതുണ്ടോ ?<br><br>ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം എന്തായിരിക്കണം ? | |
| 13 | ബില്ലിലെ 12-ാം വകുപ്പിൽ വ്യവഹാരങ്ങൾക്കും അപേ ക്ഷകൾക്കും ക്രിമിനൽ നടപടികൾക്കും മറ്റു നപടി കൾക്കുമുള്ള വിലക്ക് സംബന്ധിച്ച് എന്തെങ്കിലും അഭി പ്രായങ്ങൾ രേഖപ്പെടുത്തുവാനുണ്ടോ ? | |
| 14 | കടം ഗഡുക്കളായി വീട്ടുന്നതു സംബന്ധിച്ച് 13-ാം വകു പ്പിലെ (1) ഉം (2) ഉം ഉപവകുപ്പുകളിൽ എന്തെങ്കിലും അഭിപ്രായം രേഖപ്പെടുത്താനുണ്ടോ ? | |
| 15 | മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന വായ്പാ സൗകര്യ ങ്ങൾ മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കുന്നില്ലെന്നു ഉറ പ്പുവരുത്തുവാൻ എന്തു നടപടികൾ സ്വികരിക്കുന്നുണ്ട് ? | |
| 16 | വിവിധ വിഭാഗങ്ങളിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായി ആക്ഷേപമുണ്ടോ ; | |
| 17 | ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടില്ലാത്തതും വായ്പയെ സംബന്ധിക്കുന്നതുമായ പ്രധാന കാര്യങ്ങൾ വിട്ടു പോയിട്ടുള്ളതായി തോന്നുന്നുണ്ടെങ്കിൽ ആവക കാര്യങ്ങൾ കാര്യകാരണ സഹിതം വിവരിക്കുക ? | |

കുറിപ്പ് :-

1. ബില്ലിന്റെ പകർപ്പ് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്ന് നേരിട്ടും നിയമസഭാ വെബ്സൈറ്റ് (www.niyamasabha.org), 4-5-2007-ലെ അസാധാരണ ഗസറ്റ് എന്നിവ മുഖേനയും ലഭ്യമാണ്.

2. ഉത്തരങ്ങൾ 2007 ഡിസംബർ 31 -ാം തീയതിക്കോ അതിനുമുമ്പോ ചെയർമാൻ, സെലക്ട് കമ്മിറ്റി, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

തിരുവനന്തപുരം.

24-10-2007

സെക്രട്ടറി,

കേരള നിയമസഭ